**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2867

18.08.2017- ൽ മറുപടിയ്ക്ക്

## പുറമ്പോക്ക ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

ചോദ്യം
**ശ്രീ.ബി.ഡി.ദേവസ്സി**

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) തൃശ്ശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന "കന്നുകാലി മേച്ചിൽപ്പുറം " ഇനത്തിൽപ്പെട്ട പുറമ്പോക്ക ഭൂമിയിൽ കാലങ്ങളായി താമസിച്ച വരുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനായി, ഈ ഭൂമി റവന്യൂവിലേയ്ക്ക് പുനർ നിക്ഷേപം നടത്തി സർക്കാർ ഉത്തരവുണ്ടാകുന്നതിനായി ,തൃശ്ശൂർ ജില്ലാകളക്ടർ മുഖേന ലാന്റ് റവന്യൂ കമ്മീഷണർക്ക് 29/10/2014 ൽ സമർപ്പിച്ച നമ്പർ B5-29030/12 അപേക്ഷ പ്രകാരം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം, ചാലക്കുടി താലൂക്കുകളിൽപ്പെട്ട കന്നുകാലി മേച്ചിൽ സ്ഥലം റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്യുന്നതിന് ടി സ്ഥലത്തിന്റെ ബി.ടി.ആർ പകർപ്പ്, മഹസ്സർ, സ്കെച്ച്, അടങ്കൽ പകർപ്പ് എന്നീ അനുബന്ധ രേഖകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.01.2017 തീയതിയിലെ എൽ.ആർ.ജെ 7-45510/14 നമ്പർ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത അപേക്ഷയിൽ ഉൾപ്പെട്ടിട്ടുള്ള കൊരട്ടി പഞ്ചായത്തിലെ ഇരുപത്തിയൊന്ന് കൈവശക്കാർക്ക് അടക്കം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | (ബി) | റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കി ലഭിക്കുന്ന മുറക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**